പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 444 11.12.2012 ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ പദ്ധതി

**ചോദ്യം**

ശ്രീ.ജി.സുധാകരൻ:
ശ്രീ.രാജു എബ്രഹാം:
ശ്രീ.കെ.സുരേഷ് കുറുപ്പ്:
ശ്രീ.ബി.ഡി.ദേവസ്സി:

**ഉത്തരം**

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ പദ്ധതി ഡി.എം.ആർ.സി.ക്ക് നൽകാൻ സർക്കാർ തീരുമാനിച്ചതിനു ശേഷമോ അതിനു മുൻപോ കൊച്ചി മെട്രോ കമ്പനിയുടെ അന്നത്തെ എം.ഡി. നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് ബാംഗ്ലൂർ മെട്രോ റെയിൽ കോർപ്പറേഷൻ എം.ഡി.ക്ക് കത്ത് എഴുതിയിരുന്നോ; | (എ) | ഇല്ല. ബാംഗ്ലൂർ മെട്രോ റെയിൽ ലിമിറ്റഡ് കോർപ്പറേഷന്റെ മാനവശേഷി ഘടന, വിനിമയം നിർമ്മാണ പ്രവർത്തനങ്ങളുടെ രൂപരേഖ എന്നിവയെ പറ്റിയുള്ള വിശദാംശങ്ങൾ അറിയാനാണ് മുൻ എം.ഡി. ബാംഗ്ലൂർ മെട്രോയ്ക്ക് കത്തെഴുതിയത് |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് ബാംഗ്ലൂർ മെട്രോ എം.ഡി.യുടെ പ്രതികരണം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | ഇതിനായി ബാംഗ്ലൂർ മെട്രോ സന്ദർശിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതിനും ബാംഗ്ലൂർ മെട്രോ എം.ഡി. കൊച്ചി മെട്രോ എം.ഡി.യെ ക്ഷണിച്ചു. |
| (സി) | കത്തെഴുതിയത് സർക്കാരിന്റെയോ കെ.എം.ആർ എല്ലിന്റെയോ അറിവോടെയായിരുന്നോ എന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | കൊച്ചി മെട്രോ നിർമ്മാണ ചർച്ചകൾക്കായി മുൻ എം.ഡി ബാംഗ്ലൂരിലും സിംഗപ്പൂരിലും പോയി ചർച്ച നടത്തിയത് സർക്കാർ അറിവോടു കൂടിയാണോ; അല്ലെങ്കിൽ ഈ | (ഡി) | ഏതൊരു മെട്രോ പദ്ധതി നിർമ്മാണത്തിനും ആവശ്യമായ സാധന സാമഗ്രികളുടെയും സാങ്കേതിക വിദ്യയുടെയും സേവനങ്ങളുടെയും ഗണ്യമായ ഒരു പങ്ക് വിദേശ രാജ്യങ്ങളിൽ നിന്നാണ് |

| | | | |
|---|---|---|---|
| | ഉദ്യോഗസ്ഥനെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | | ലഭിക്കുന്നത്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ സാക്ഷാൽക്കാരത്തിനായി വിദേശ കമ്പനികളുമായി ചർച്ച നടത്തേണ്ടത് അനിവാര്യമാണ്. ആയതിനാൽ ഓരോ വിദേശ കമ്പനിയുമായും ചർച്ച നടത്തുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമായി വരുന്നില്ല. കൊച്ചി മെട്രോ റെയിൽ മുൻ എം.ഡി. ആയിരുന്ന ശ്രീ.ടോം ജോസിന്, മെട്രോ റെയിൽ പദ്ധതിയുടെ ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ മനസ്സിലാക്കുന്നതിനു വേണ്ടി സിംഗപ്പൂരിലുള്ള, സിംഗപ്പൂർ ടെക്നോളജീസ് ഇലക്ട്രോണിക്സ് ലിമിറ്റഡ് എന്ന സ്ഥാപനം സന്ദർശിക്കുന്നതിന് 28.1.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നം.35/2012/ഗതാഗതം പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. |
| (ഇ) | ഈ ഉദ്യോഗസ്ഥന്റെ സിംഗപ്പൂർ യാത്രയ്ക്ക് നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകിയിരുന്നോ; എങ്കിൽ അതിന്റെ പകർപ്പും സർക്കാർ ഉത്തരവിന്റെ കോപ്പിയും ലഭ്യമാക്കാമോ? | (ഇ) | ആൾ ഇന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥർ സ്വകാര്യ ആവശ്യങ്ങൾക്കായി വിദേശയാത്ര നടത്തുമ്പോഴാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകുന്നത് |

സെക്ഷൻ ഓഫീസർ